KERALA KAUMUDI 27-8-2016

# 44 ഇനം മത്സ്യകുഞ്ഞുങ്ങളെ പിടിക്കുന്നത് നിരോധിക്കണമെന്ന് ശുപാർശ

കൊച്ചി: മത്സ്യങ്ങളെ പിടിക്കുന്നതിനുള്ള കുറഞ്ഞ വലിപ്പം നിശ്ചയിച്ച പട്ടികയിൽ 44 ഇനങ്ങളെ കൂടി ഉൾപ്പെടുത്താൻ ശുപാർശ. നിലവിൽ സർക്കാർ ഉത്തരവിൽ 14 ഇനം മത്സ്യങ്ങളാണ് ഉൾപ്പെട്ടുന്നത്. മത്സ്യങ്ങളെ പിടിക്കുന്നതിനുള്ള കുറഞ്ഞ വലിപ്പം (മിനിമം ലീഗൽ സൈസ്) ഫലപ്രദമായി നടപ്പാക്കുന്നതിന്റെ ഭാഗമായി സി.എം.എഫ്.ആർ.ഐയിൽ സംഘടിപ്പിച്ച ശിൽപശാല മന്ത്രി ജെ. മേഴ്സിക്കുട്ടിയമ്മ ഉദ്ഘാടനം ചെയ്തു.

കടലിലെ മത്സ്യ സമ്പത്ത് കുറയുന്നത് മത്സ്യക്കുഞ്ഞുങ്ങളെ പിടിക്കുന്നതിനാലാണെന്ന കണ്ടെത്തലിനെ തുടർന്ന് 58 മീൻ ഇനങ്ങൾ പിടിക്കാനുള്ള കുറഞ്ഞ വലിപ്പം നിശ്ചയിച്ച പട്ടിക് സി.എം.എഫ്.ആർ.ഐ പുറത്തിറക്കിയിരുന്നു. ഇതിൽ 14 ഇനങ്ങൾ മാത്രമാണ് സർക്കാർ ഉത്തരവിൽപെട്ടിരുന്നത്. മീൻപിടുത്ത യാനങ്ങളുടെയും വലയുടെയും വലിപ്പവും പുതുക്കി നിശ്ചയിക്കണം, പുതിയ യാനങ്ങൾക്ക് അനുവാദം നൽകാൻ പാടില്ല തുടങ്ങിയ 11 ഇന ആവശ്യങ്ങളും ശിൽപശാലയിൽ ഉയർന്നു. നിർദേശങ്ങൾ റിപ്പോർട്ടായി മന്ത്രിക്ക് സമർപ്പിക്കും.

എം.പി.ഇ.ഡി.എയും നെറ്റ്ഫിഷും സംയുക്തമായി സംഘടിപ്പിച്ച ശിൽപശാലയിൽ എം.പി.ഇ.ഡി.എ ചെയർമാൻ ഡോ. എ. ജയതിലക് അദ്ധ്യക്ഷനായി. സി.എം.എഫ്ആർ.ഐ ഡയറക്ടർ എ. ഗോപാലകൃഷ്ണൻ, ഡോ. കെ. അശോക് കുമാർ, ഫിഷറീസ് ഡയറക്ടർ മിനി ആന്റണി, പി ജയപ്രകാശ്, ഡോ. എസ്. ആശാലത തുടങ്ങിയവർ സംസാരിച്ചു. ഡോ. കെ. സുനിൽ മുഹമ്മദ്, ഡോ. ലീല എഡ്വിൽ എന്നിവർ വിഷയം അവതരിപ്പിച്ചു. ഡോ. ജോയ്സ്. വി. തോമസ് മോഡറേറ്ററായിരുന്നു. ബി. ശ്രീകുമാർ സ്വാഗതവും എൻ. കെ. സന്തോഷ് നന്ദിയും പറഞ്ഞു.